# # Palakkad Police Action #

## അന്തർജില്ലാ കവർച്ച സംഘം പിടിയിൽ

തൃശ്ശൂർ ചാലക്കുടി സ്വദേശി നിഷാർ 21 വയസ്സ്, തിരുവനന്തപുരം നെടുമങ്ങാട് സ്വദേശി ഷബീർ 34 വയസ്സ് , മലപ്പുറം എടപ്പാൾ സ്വദേശി ബഷീർ 42 വയസ്സ് എന്നിവരാണ് പിടിയിലായത്. മണ്ണാർക്കാടുള്ള ടിപ്പു നഗർ എന്ന സ്ഥലത്ത് വച്ച് പ്രതികൾ ഗൾഫിൽ ഉള്ള മകൻ കൊടുത്തയച്ച പണവുമായി പോകുന്നയാളെ തടഞ്ഞു നിർത്തി പോലീസ് ആണെന്നു പറഞ്ഞ് ബലപ്രയോഗത്തിലൂടെ കാറിൽ കയറ്റികൊണ്ടു പോയി കയ്യിലുണ്ടായിരുന്ന 63000 രൂപ കവർന്നെടുത്തു. തുടർന്നു പരാതിയിൽ കേസെടുത്ത മണ്ണാർക്കാട് പോലീസ് വിദഗ്ദ്ധമായ അന്വേഷണം നടത്തി നിഷാറിനെ ചാലക്കുടിയിൽ വച്ചും ഷബീറിനെ തിരുവനന്തപുരം പാപ്പനംകോട് എന്ന സ്ഥലത്തു വച്ചും ബഷീറിനെ ഒലവക്കോട് വച്ചും പിടികൂടുകയാണുണ്ടായത്.

CI TP ഫർഷാദ്, SI വിപിൻ കെ വേണുഗോപാൽ ASI സുരേഷ് ബാബു SCPO സുനിൽ, ഹനീസ് CPO ബിജുമോൻ, വിനോദ് കുമാർ, സഹദ്, ഷാഫി, സുജീഷ് എന്നിവരടങ്ങുന്ന സംഘമാണ് പ്രതികളെ പിടികൂടിയത്.

